## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3160 07.11.2019 ൽ മറുപടിയ്ക്ക്**

**കടേഭാഗം വ്യാസപുരം കോളനിയിലെ കളത്തിപ്പറമ്പ് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ രാമേശ്വരം വില്ലേജിൽ ഉൾപ്പെടുന്ന കടേഭാഗം വ്യാസപുരം കോളനിയിലെ കളത്തിപ്പറമ്പ് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി പാട്ടക്കുടിശിക ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിലുണ്ടോ; | (എ) പരിഗണനയിലുണ്ട് |
| (ബി) | അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി)യും (സി)യും (ഡി)യും<br>പള്ളുരുത്തി വില്ലേജ് കോർപ്പറേഷൻ വക പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കോളനി നിവാസികൾക്കും, രാമേശ്വരം വില്ലേജിൽ ഗ്രൗണ്ട് റെന്റ് ഭൂമിയിൽ താമസിക്കുന്ന വ്യാസപുരം കോളനി നിവാസികൾക്കും, പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പുര കോളനി നിവാസികൾക്കും, മണകുന്നം വില്ലേജിലെ ശ്രീമതി ജാനകി കുമാരനും, നടമ തെക്കുംഭാഗം വില്ലേജിൽ വണിക വൈശ്യ സംഘത്തിനും ഭൂമി പതിച്ച നൽകുന്നതിലേക്കായി സ്കെച്ച്, മഹസ്സർ, ബി.റ്റി.ആർ പകർപ്പ്, കമ്പോളവില ജില്ലാ കളക്ടറുടെ വ്യക്തമായ അഭിപ്രായം എന്നിവ സഹിതമുള്ള പുതുക്കിയ പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുവാൻ 25/10/2018-ലെ A3/143/2017/RD കത്തു മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമായിട്ടില്ല. |
| (സി) | മുപ്പതു മുതൽ അറുപത് വർഷം വരെയായി അവിടെ താമസിക്കുന്നവരും മത്സ്യതൊഴിലാളികളും കൂലിവേലക്കാരുമായ അവർക്ക് പാട്ടക്കുടിശ്ശിക ഒടുക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാൽ, 2015-ൽ കൊച്ചി താലൂക്കിലെ ചക്കരയിടുക്കിൽ താമസിക്കുന്ന 71 കുടുംബങ്ങൾക്ക് 1.10.2015 ലെ സ.ഉ. (കൈ) നം. 524/2015/റവ. നമ്പർ ഉത്തരവ് പ്രകാരം പരാമാവധി 5 സെന്റ് ഭൂമി വരെ പാട്ടക്കുടിശ്ശിക ഒഴിവാക്കി സൗജന്യമായി പതിച്ച നൽകിയത് പോലെ, അവർക്കും ഭൂമി പാട്ടക്കുടിശിക ഒഴിവാക്കി പതിച്ച നൽകുന്ന കാര്യം പരിഗണിക്കുമോ; | |
| (ഡി) | തികച്ചും അർഹരായ പ്രസ്തുത അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ